(ബി) 1-4-2002-ലും 27-12-2002-ലും ഉള്ള കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് 4 ഫാക്ടറികൾ സ്വകാര്യ ഉടമകൾക്ക് തിരികെ നൽകിയത്. കോടതിയിൽ നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കാത്തതിനാൽ സ്വകാര്യ ഉടമകളുടെ പേരിൽ കോടതിയലക്ഷ്യ ഹർജി കശുവണ്ടി വികസന കോർപ്പറേഷൻ സുപ്രീം കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്.

പരമ്പരാഗത വ്യവസായത്തിന് പ്രോത്സാഹനം

33 [487] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായത്തിലേർപ്പെട്ടിരിക്കുന്നവരെ പ്രോൽസാഹിപ്പിക്കുന്നതിന് സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരമ്പരാഗത വ്യവസായ സഹായനിധി എന്ന പേരിൽ അടുത്ത മൂന്നു വർഷത്തേയ്ക്ക് നീണ്ടു നിൽക്കുന്ന തരത്തിൽ 500 കോടി രൂപയുടെ ഒരു നിധി രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ആയതിന് 2003-2004 വർഷം 50 കോടി രൂപ വകയിരുത്തുകയും ചെയ്തു.

കയർമേഖലയിൽ ഗവേഷണവും വികസനവും, കയർ പിത്ത് ഉപയോഗിച്ചുള്ള ഊർജ്ജ ഉൽപ്പാദനം, പഠനം, മാർജിൻ മണി വായ്പ, സ്വയം സഹായ സംഘങ്ങൾക്കു വായ്പ, മഹിള കയർ വികസന പദ്ധതി തുടങ്ങിയ പദ്ധതികൾ ആവിഷ്ക്കരിച്ചു വരുന്നു. കരകൗശല മേഖലയ്ക്കു പ്രത്യേക പരിഗണന നൽകുമെന്നും രണ്ടു കോടി രൂപ ഇതിലേയ്ക്ക് മാറ്റി വച്ചിട്ടുണ്ടെന്നും പ്രഖ്യാപിച്ചിട്ടുണ്ട്. മുള വ്യവസായാധിഷ്ഠിതമായ വ്യവസായങ്ങളെ പരിപോഷിക്കുന്നതിനായി സംസ്ഥാന ബാംബു മിഷൻ രൂപീകരിച്ചിട്ടുണ്ട്. കശുവണ്ടി മേഖലയിൽ വികസന കോർപ്പറേഷന്റെ വായ്പാബാദ്ധ്യത ഗഡുക്കളായി നൽകാൻ ഉത്തരവായി. ആയതു നൽകി ബാങ്കുകളിൽ നിന്ന് വായ്പ ലഭ്യമാക്കി ഫാക്ടറികൾ തുറന്ന് പ്രവർത്തനം പുനരാരംഭിക്കുന്നതാണ്. ഖാദി ഗ്രാമ വ്യവസായ മേഖലയിൽ സംസ്ഥാന പദ്ധതി പ്രകാരം നിലവിലുള്ള തൊഴിലാളികൾക്ക് തുടർന്നും തൊഴിൽ നൽകുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. ഗ്രാമീണ തൊഴിൽ ദാന പദ്ധതിപ്രകാരം പുതിയ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് മാർജിൻ മണി ഗ്രാന്റ് അനുവദിക്കുന്നതാണ്. പരമ്പരാഗത വ്യവസായ മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനു വേണ്ടി ഒരു കമ്മിറ്റി രൂപവൽക്കരിക്കുമെന്നും പ്രഖ്യാപിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കൈത്തറി മേഖലയിൽ റിബേറ്റ്/മാർക്കറ്റിംഗ് ഇൻസെന്റീവ്, ഹാങ്ക്യാൺ സബ്സിഡി, ഹാന്റ്ലൂം എക്സ്പോർട്ട് സ്കീം, ദീൻദയാൽ കൈത്തറി വികസന പദ്ധതി തുടങ്ങിയ പദ്ധതികളും നടപ്പിലാക്കി വരുന്നു.

## ഹാൻടെക്സിലെ കരാർ നിയമനം

34 [488] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ സ്ഥാപനങ്ങളിലും വ്യവസായ വകുപ്പിന് കീഴിലുള്ള ഹാൻടെക്സിലും കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുമ്പോൾ എന്തെല്ലാം വ്യവസ്ഥകൾ പാലിക്കണമെന്നാണ് നിഷ്ക്കർഷിച്ചിട്ടുള്ളത് വിശദാംശം വ്യക്തമാക്കാമോ;

(ബി) 1990-ന് ശേഷം ഹാൻടെക്സിൽ എത്ര നിയമനങ്ങൾ കരാർ അടിസ്ഥാനത്തിൽ നടത്തിയിട്ടുണ്ട്;

(സി) ഏതെല്ലാം തസ്തികകളിൽ ആരെയെല്ലാം ഇപ്രകാരം നിയമിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) മാനേജ്മെന്റും ജീവനക്കാരനും കരാർ നിയമനങ്ങളിൽ പരസ്പരം ഒപ്പ് വയ്ക്കണമെന്ന വ്യവസ്ഥ ഈ നിയമനങ്ങളിൽ പാലിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) ഇപ്രകാരം പരസ്പരം ഒപ്പുവെയ്ക്കാതെ ഏതെങ്കിലും നിയമനം ഹാൻടെക്സിൽ കരാർ വ്യവസ്ഥയിൽ നടത്തിയിട്ടുണ്ടോ;

(എഫ്) മാനേജ്മെന്റ് മാത്രം ഒപ്പുവയ്ക്കുന്ന കരാർ നിയമനത്തിന് നിയമ സാധുതയുണ്ടോ എന്ന് വിശദമാക്കുമോ?

## ഉത്തരം

(എ) അംഗീകൃത തസ്തികകളിലേയ്ക്കാണ് അടിയന്തിര ആവശ്യം കണക്കിലെടുത്ത് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നത്. ചില സന്ദർഭങ്ങളിൽ അടിയന്തിര ആവശ്യങ്ങൾ കണക്കിലെടുത്ത് ചില പ്രത്യേക ജോലികൾ ചെയ്യുന്നതിനു വേണ്ടിയും കരാർ അടിസ്ഥാനത്തിൽ ഒരു നിശ്ചിത കാലയളവിലേയ്ക്ക് നിയമനം നടത്താറുണ്ട്. ഇത്തരം നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും ലിസ്റ്റു വരുത്തിയാണ് പൊതുവെ നിയമനം നൽകുന്നതും പത്രത്തിൽ പരസ്യം നൽകി, അപേക്ഷകൾ ക്ഷണിച്ച് ഇന്റർവ്യൂ നടത്തി ഭരണ സമിതിയുടെ അംഗീകാരത്തോടെ ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുത്തും കരാർ അടിസ്ഥാനത്തിൽ നിയമിച്ചു വരുന്നുണ്ട്. കേരള സഹകരണ സംഘം നിയമത്തിലെ സെക്ഷൻ 80 (ബി) (4) പ്രകാരമാണ്

LIBRARY ARCHIVES Kerala Legislative Assembly